# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3038**

**13-03-2018** ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ സ്വപ്ന പദ്ധതിയായി വിശേഷിപ്പിക്കുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കുമോ ;<br><br>(ബി) വിഴിഞ്ഞം തുറമുഖം എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (എ) യും (ബി) യും | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2017 നവംബർ 30 ന് കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റും, പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കു മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യത്തിൽ പ്രായോഗികമായ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തീവ്ര ശ്രമമാണ് നടത്തുന്നത്.<br><br>വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി ചുവടെ പറയും പ്രകാരമാണ്.<br>1. ആകെ 3100 മീറ്റർ നീളം വരുന്ന പുലിമുട്ടിൽ ഏകദേശം 600 മീറ്റർ പണി പൂർത്തിയായി. |

2. കൺസഷൻ കരാർ പ്രകാരം കൺസഷണയർ 53 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിൽ 40% പണി പൂർത്തികരിച്ചിട്ടുണ്ട്.

3. തുറമുഖത്തിന്റെ ഭാഗമായ ബെർത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 800 മീറ്റർ നീളമുള്ള ബർത്തിൽ ആകെ 615 പൈലുകൾ ഉള്ളതിൽ ഇതുവരെ 143 പൈലുകൾ താഴ്ത്തുകയുണ്ടായി.

4. പുലിമുട്ടിൽ ഇടുന്നതിന് 17000 ആക്രോപോടുകൾ ആവശ്യമുള്ളതിൽ 1630 എണ്ണം പൂർത്തിയായി കഴിഞ്ഞു.

| | | | |
|---|---|---|---|
| (സി) | നിർമ്മാണ കമ്പനി സമയ ബന്ധിതമായി പ്രവൃത്തികൾ ചെയ്യുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) | വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ ഒരു ഇൻഡിപ്പെന്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. ഇൻഡിപ്പെന്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർമ്മാണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പാറ ലഭിക്കുന്ന തിനുള്ള പ്രയാസം, ഓഖി ചുഴലിക്കാറ്റ് മൂലമുണ്ടായ നിർമ്മാണ പ്രവൃത്തികൾക്കും യന്ത്രസാമഗ്രികൾക്കും ഉണ്ടായ നാശനഷ്ടങ്ങളും കേടുപാടുകളും നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) | വിഴിഞ്ഞം തുറമുഖ പ്രോജക്ടു മായി ബന്ധപ്പെട്ട് സംസ്ഥാനത്തുള്ള എത്ര പേർക്ക് തൊഴിൽ ലഭിക്കമെന്നാണ് പ്രതീക്ഷിക്കുന്നത് ; | ഡി) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് 4 വർഷത്തേക്ക് 2300 ഓളം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയ സാമൂഹിക പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പ് സമയത്ത് ഏതാണ്ട് 650 ഓളം വൈദഗ്ദ്ധ്യമുള്ള ആൾക്കാർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നും ഏതാണ്ട് 2000 ത്തോളം പേർക്ക് അനുബന്ധ തൊഴിൽ ലഭിക്കുമെന്നും പ്രസ്തുത പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഭാവിയിലെ ലാഭം സംബന്ധിച്ച് പഠനം നടത്തി യിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | വിഴിഞ്ഞം പദ്ധതിയുടെ ഫിനാൻഷ്യൽ & ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് & യംഗ് തയ്യാറാക്കിയ വിഴിഞ്ഞം തുറമുഖത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 40 കൊല്ലത്തെ കൺസഷൻ കാലയളവിൽ കൺസഷണയറായ അദാനി കമ്പനിക്ക് 41,802 കോടി രൂപ (നാൽപ്പത്തൊന്നായിരത്തി എണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം)യും സർക്കാർ വിഹിതമായി 12,948 കോടി രൂപ (പന്ത്രണ്ടായിരത്തി തൊള്ളായിരത്തി നൽപത്തിയെട്ട് കോടി രൂപ മാത്രം)യും ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ നികുതി ഇനത്തിലും അനുബന്ധ മേഖലകളിൽ നിന്നും സർക്കാരിന് വരുമാനം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**